**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4187** **25.06.2018 ലെ മറുപടി**

**കുന്നുമ്മൽ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാറയ്ക്കൽ അബ്ദുള്ള** | **മാത്യു ടി.തോമസ്** **(ജലവിഭവ വകുപ്പ് മന്ത്രി)** |

എ) കോഴിക്കോട് ജില്ലയിൽ 32 കോടി രൂപ മുടക്കി പണി പൂർത്തിയാക്കിയ കുന്നുമ്മൽ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ;

എ) കുന്നുമ്മലും അനുബന്ധ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതി നാദാപുരം മണ്ഡലത്തിലെ വളയം , വാണിമേൽ, നരിപ്പറ്റ, കായക്കൊടി, നാദാപുരം, തൂണേരി എന്നീ വില്ലേജുകൾക്കും കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി വില്ലേജിനും വേണ്ടിയുള്ളതാണ്. മേൽപ്പറഞ്ഞ 7 വില്ലേജുകളിൽ വളയം, വാണിമേൽ, നരിപ്പറ്റ, തൂണേരി, കായക്കൊടി എന്നീ വില്ലേജുകൾക്ക് കേന്ദ്രസർക്കാരിന്റെ NRDWP പദ്ധതിയിലും നാദാപുരം, കുറ്റ്യാടി എന്നീ വില്ലേജുകൾക്ക് നബാർഡ് ധനസഹായത്തോടെയുള്ള പദ്ധതിയിലും ഉൾപ്പെടുത്തി അംഗീകാരം നേടിയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായുള്ള 19 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, നാദാപുരം, കുറ്റ്യാടി, വാണിമേൽ, കോവക്കുന്ന്, വളയം, നരിപ്പറ്റ എന്നിവിടങ്ങളിലെ ജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, ട്രാൻസ് ഫോർമർ, പമ്പ്സെറ്റുകൾ എന്നിവ പൂർത്തീകരിച്ചു. നിലവിൽ പദ്ധതിയുടെ ചാർജിങ്ങും ട്രയൽ റണ്ണും നടന്നു വരുന്നു. കായക്കൊടി പഞ്ചായത്തിൽ 90% ചാർജ് ചെയ്ത് കണക്ഷനുകൾ നല്കിത്തുടങ്ങിയിട്ടുണ്ട്. നരിപ്പറ്റ പഞ്ചായത്തിൽ വിതരണ ശൃംഖലയുടെ 70% ചാർജ് ചെയ്ത് കണക്ഷനുകൾ നല്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളയം, വാണിമേൽ പഞ്ചായത്തുകളിൽ വിതരണ ശൃംഖലകൾ യഥാക്രമം 60, 30% ചാർജ് ചെയ്തിട്ടുണ്ട്. കണക്ഷനുകൾ നല്കുവാനുള്ള നടപടികൾ ആഗസ്റ്റ് മാസത്തോടെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിതരണ ശൃംഖലകളുടെ ചാർജിങ്ങിനിടയിൽ പി.ഡബ്ല്യു.ഡി റോഡുകളിൽ ഉണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് റോഡ് കട്ടിങ്ങ് സംബന്ധമായ നടപടികൾക്ക് സമയം എടുക്കുന്നതിനാലും മഴക്കാലത്ത് റോഡ് കുഴിച്ച് പൈപ്പിടുന്നതിന് നിയന്ത്രണം ഉള്ളതിനാലും ചാർജിങ്ങിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ പദ്ധതിക്കാവശ്യമായ 19 ദശലക്ഷം ലിറ്റർ വെള്ളം പമ്പ് ചെയ്യുമ്പോൾ വെള്ളമ്പുഴ സ്രോതസ്സിൽ നിന്ന് പദ്ധതിയുടെ കിണറിലേക്ക് ആവശ്യത്തിന് വെള്ളമെത്താത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. ഇതിനു പരിഹാരമായി നിലവിലെ കിണറിലേക്ക് പുഴയിൽനിന്ന് കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിനായി ഒരു ലീഡിങ് ചാനൽ

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനായി 11.68 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) | പദ്ധതി പൂർത്തിയാക്കുന്നതിനും ഇപ്പോഴുള്ള തകരാറുകൾ പരിഹരിക്കുന്നതിനും പണമില്ലാത്ത സാഹചര്യം നിലവിലുണ്ടോ; | ബി) & സി) | പൂർത്തീകരണത്തിന് പണമില്ലാത്ത സാഹചര്യം നിലവിലില്ല. പദ്ധതിയുടെ നിലവിൽ നടന്നുവരുന്ന ചാർജ്ജിങ് പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2018-19 വർഷത്തിലെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിലുൾ_പ്പെടുത്തി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | എങ്കിൽ അടിയന്തരമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | |
| ഡി) | ഈ പദ്ധതി കമ്മീഷൻ ചെയ്യാത്തതുമൂലം കുറ്റ്യാടി പഞ്ചായത്തിലെ കൊച്ചാമ്പാറ പദ്ധതി ഉൾപ്പെടെയുള്ളവ അനിശ്ചിതമായി നീളുന്ന സാഹചര്യം പരിശോധിക്കുമോ; | ഡി) | കുറ്റ്യാടി പഞ്ചായത്തിലെ കുറ്റ്യാടി ശുദ്ധജല വിതരണ പദ്ധതിയുടെ കൊയ്യാമ്പാറ മേഖല ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. കുന്നുമ്മൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി അധികമായി ആവശ്യമുള്ള ജലം ലഭ്യമാകുകയും മേൽ പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ കഴിയുകയും ചെയ്യുന്നതാണ്. |
| ഇ) | കുന്നുമ്മൽ കുടിവെള്ള പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ? | ഇ) | നിലവിൽ നടന്നുവരുന്ന ചാർജ്ജിങ്ങും അനുബന്ധ പ്രവൃത്തികളും 2018 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ